(സി) അപകടത്തിൽ മരിക്കുകയോ കടലിൽ കാണാതാകുകയോ ചെയ്യുന്ന മത്സ്യ തൊഴിലാളിയുടെ ആശ്രിതർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഒരു ലക്ഷം രൂപയും മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരിക്കുന്ന മത്സ്യത്തൊഴിലാളിയുടെ ആശ്രിതർക്ക് 20,000 രൂപയും നൽകും. കൂടാതെ അവരുടെ ഭാര്യമാർക്ക് പ്രതിമാസം 120 രൂപ പെൻഷനും നൽകും.

(ഡി) സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഒരു ലക്ഷം രൂപയും സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 50,000 രൂപയും നൽകി വരുന്നു. അപകടംമൂലം 24 മണിക്കൂറെങ്കിലും ആശുപത്രിയിൽ ചികിത്സ ആവശ്യമായി വരുന്നവർക്ക് പരമാവധി 2,000 രൂപയും നൽകും.

(ഇ) തൽക്കാലം പരിഗണനയിലില്ല.

(എഫ്) 11 പേർ കടലിൽ കാണാതായിട്ടുണ്ട്. മരണം സ്ഥിതീകരിച്ച കേസുകളിൽ ആശ്രിതർക്ക് ഒരു ലക്ഷം രൂപ ധനസഹായം നൽകുന്നു. കാണാതായ മത്സ്യ തൊഴിലാളിയുടെ ഭാര്യയ്ക്ക് പ്രതിമാസം 120 രൂപ പെൻഷൻ നൽകുന്നുണ്ട്.

ബി. എഫ്. എസ്. സി. കോഴ്സ് പാസായവർ

34 [5410] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി. എഫ്. എസ്. സി. കോഴ്സ് തുടങ്ങിയിട്ട് എത്ര വർഷമായി; ഈ കോഴ്സ് പാസായവർ എത്ര പേരുണ്ട്;

(ബി) ഈ കോഴ്സ് പാസായവരെ ഏതൊക്കെ തസ്തികകളിലേക്കാണ് പരിഗണിക്കുന്നത്;

(സി) ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ നിയമനത്തിനായി ഈ കോഴ്സ് പാസായവരിൽനിന്ന് നിയമനത്തിന് അപേക്ഷ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ നിയമിക്കാവുന്ന തസ്തികകളിൽ ഇവരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 24 വർഷത്തോളമായി. 449 പേർ കോഴ്സ് പാസായിട്ടുണ്ട്.

(ബി) ബി. എഫ്. എസ്. സി. പാസായവരെ ഫിഷറീസ് വകുപ്പിൽ ഫിഷറീസ് ഇൻസ്പെക്ടർ, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളിൽ നേരിട്ടുള്ള നിയമനത്തിന് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രിക്ക് തുല്യമായി പരിഗണിക്കുന്നുണ്ട്.

(സി) ഫിഷറീസ് സബ്ഇൻസ്പെക്ടർ തസ്തികയിൽ നേരിട്ടുള്ള നിയമനത്തിന് ബി.എഫ്.എസ്.സി. പാസായവരുടെ അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട്. ഫിഷറീസ് ഇൻസ്പെക്ടർ ഫിഷറീസ് അസി. ഡയറക്ടർ തസ്തികകളിൽ നേരിട്ടുള്ള നിയമനത്തിന് പി.എസ്.സി. അപേക്ഷ ക്ഷണിക്കുമ്പോൾ ഈ കോഴ്സ് പാസായവരുടെ അപേക്ഷകൾ സ്വീകരിക്കുന്നതാണ്.

(ഡി) മുകളിലെ ഉത്തരങ്ങളുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly